**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **18-03-2022 - ൽ മറുപടിയ്ക്ക്**

**വേനൽക്കാലത്തെ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,**<br>**ശ്രീ. ഇ കെ വിജയൻ,**<br>**ശ്രീ പി എസ് സുപാൽ,**<br>**ശ്രീ. വാഴൂർ സോമൻ** | | **null**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ജലസംരക്ഷണത്തിനും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി ചെയ്തു വരുന്നു. (1) ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ. (2) ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക. (3)ജലലഭ്യതയ്ക്കനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക. (4) വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിങ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക. (5)ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണമായും ഉപയോഗപ്പെടുത്തുക. (6) ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക. (7) അടിയന്തിര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക. |
| (ബി) | വേനൽ കടുക്കുന്നതോടെ ജലജന്യ രോഗങ്ങൾ വർദ്ധിക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ സുരക്ഷിതമായ ശുദ്ധജലം എത്തിക്കുന്നതിന് | (ബി) | സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധി ചെയ്തു വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം |

| | | | |
|---|---|---|---|
| | നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്ന് ഉറപ്പാക്കി, പരിശോധന ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നല്കി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലുള്ള കിണർ, ബോർവെൽ തുടങ്ങിയ മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ ഗുണ നിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഇത്തരം കുടിവെള്ള സ്രോതസ്സുകളിൽ നിന്നുമുള്ള ജലം ജല അതോറിറ്റി ക്വാളിറ്റി കൺട്രോൾ സബ് ജില്ലാ ലാബുകളിലും പരിശോധിക്കുന്നുണ്ട്. |
| (സി) | വരൾച്ച സമയത്ത് ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (സി) | വരൾച്ച സമയത്ത് ടാങ്കറുകളിൽ വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതും സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതും ജലഅതോറിറ്റിയുടെ ചുമതലയല്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം വാട്ടർ അതോറിറ്റി ഉറപ്പ് വരുത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഓപ്പറേഷൻ 'പ്യൂവർ വാട്ടർ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ നിന്നും ജലം നല്കുകയും പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും വിതരണത്തിനുള്ള ജലം നല്കുന്നു. ഇത് മറ്റു ജില്ലകളിലും നടപ്പിലാക്കുവാൻ ആലോചനയുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി 'സുജലം സുലഭം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ശക്തമാക്കുമോ; വിശദീകരിക്കുമോ? | (ഡി) | വരൾച്ച സമയത്ത് ടാങ്കറുകളിൽ വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതും സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതും ജലഅതോറിറ്റിയുടെ ചുമതലയല്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം വാട്ടർ അതോറിറ്റി ഉറപ്പ് വരുത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഓപ്പറേഷൻ 'പ്യുവർ വാട്ടർ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ നിന്നും ജലം നല്കുകയും പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും വിതരണത്തിനുള്ള ജലം നല്കുന്നു. ഇത് മറ്റു ജില്ലകളിലും നടപ്പിലാക്കുവാൻ ആലോചനയുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി 'സുജലം സുലഭം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ